4248

1389

# വനരോദനം

By 35023

വൈക്കം കെ. രവിവർമ്മ.

KOTTAYAM.

VAIKOM. K. RAVIVARMA
Puthiya Kovilakom
VAIKOM.

*Ist edition 1000 Copies*
കന്നി 1125

Printed at the
P. K. Memorial Press
Vazhuthacaud, Trivandrum.

*Price Re 1*

1389

35023

Dedicated

to

my

Father.

## ഉള്ളടക്കം


1. വിധവയുടെ വിധി
2. ജയിലിൽ നിന്നും
3. 'കരയല്ലേ' തങ്കം..."
4. ഗ്രാമീണകാമിനി
5. കൊച്ചുനീലൻ
6. പ്രേമാതുരൻ
7. എന്റെയച്ഛൻ
8. നഗ്നപരമാർത്ഥം
9. "സ്റ്റാക്കു"നഷ്ടം!
10. സംശയങ്ങൾ
11. തോട്ടിയുടെ കഥ
12. "പരമഭാഗ്യം"?
13. ആ ചിരി
14. പ്രതിജ്ഞ
15. നർത്തകിയുടെ മറുപടി!

# അവതാരിക

ശ്രീ വൈക്കം രവിവർമ്മയുടെ 'വനരോദനം' ഞാൻ തന്നെ അവതരിപ്പിക്കണമെന്ന് അദ്ദേഹം സസ്നേഹം ശാഠ്യം പിടിച്ചത് ഒരു വനരോദനമാകാൻ ഞങ്ങളുടെ സ്നേഹബന്ധം സമ്മതിച്ചില്ല. സാഹിത്യക്ഷേത്രത്തിലേക്ക് ഉത്സാഹത്തോടെ വരുന്ന ആത്മാർത്ഥതയുള്ള ഒരാരാധകനെ വഴിയിൽ വിലക്കാൻ ആർക്കാണവകാശം? ഈ സഖാവിന്റെ സതീർത്ഥ്യനാവുകയാണ് സുഖം. ഞാനാഹ്ളാദപൂർവ്വം ഈ യുവസ്നേഹിതന്റെ ആദ്യകൃതിയെ അവതരിപ്പിക്കട്ടെ.

ചു...പാടും നടക്കുന്ന 'പോരായ്മകൾ' മനുഷ്യസ്നേഹിയായ കവിയുടെ കല്പനയെ ചൂടുപിടിപ്പിക്കുന്നു. മാദകത്വം മാഞ്ഞിട്ടില്ലാത്ത യുവതിക്കു നേരിടുന്ന വൈധവ്യം, തോട്ടിയ്ക്കു സമുദായം നൽകുന്ന ഭ്രഷ്ട്, പട്ടിണി ചുറവും പല്ലിളിക്കുമ്പോൾ നെല്ല് സ്റ്റാക്കുചെയ്യാനും കരിഞ്ചന്തയിൽ വില്ക്കാനും കൊതിയ്ക്കുന്ന ജന്മിയുടെ മനസ്ഥിതി, പണമില്ലാത്തവനോട് ചില ഡാക്കുറന്മാർ കാണിക്കുന്ന കാഠിന്യം ഇങ്ങിനെ പല പ്രശ്നങ്ങളും ഈ കവിയുടെ

കല്പനയെ പ്രബുദ്ധമാക്കിയിട്ടുണ്ട്. സകല കവികളെയും വികാരംകൊള്ളിച്ചിട്ടുള്ള പ്രേമം ഇദ്ദേഹത്തെയും വെറുതെ വിട്ടിട്ടില്ല. 'നത്തകിയുടെ മറുപടിയും' 'എൻെറ അപ്പൻ' എന്ന കവിതയുമാണു് എനിക്കേറ്റവും ഇഷ്ടമായതു്.

ഇതിലെ കവിതകളുടെ അററകുററങ്ങൾ പലതും ചൂണ്ടികാണിക്കാൻ കഴിയും. പക്ഷേ അതെൻെറ ജോലിയല്ല. വിമശ്കൻെറ കോടതിയിലെ സാക്ഷിക്കൂട്ടിൽ വിസ്താരത്തിനു് വിധേയമാകുമ്പോൾ എന്തൊക്കെ നടക്കുമെന്നറിഞ്ഞില്ല. സദുദ്ദേശങ്ങളെ ആരും മാനിക്കുമല്ലോ. പ്രായക്കുറവുകൊണ്ടുള്ള അപക്വതയും ആരും പൊറുക്കുമല്ലോ. ഈ കവിതകൾക്കു പിന്നിലുള്ള വാസനയുള്ള ഹൃദയത്തെ ആരും വാഴ്ത്തുകയും ചെയ്യും.

ആശംസകളോടെ

ടി. എൻ. ഗോപിനാഥൻനായർ

തിരുവനന്തപുരം
24-9-'49

# വിധവയുടെ വിധി

i.

ചെമ്പരുത്തി പൂപറിപ്പാ-
നന്തിനേരമെത്തിടുമ്പോൾ,
തങ്കമെത്തും വാഴയില-
ക്കുമ്പിളുമായെന്നുമെന്നും!......

ശുഭ്രവസ്ത്രധാരിയാമൊ-
രപ്സരസ്സാണാകുമാരി:
ഗ്രാമഭംഗിരൂപമാന്നൊ-
രോമനയാണക്കുമാരി.

ചാന്തുപൊട്ടുതൊട്ടതില്ല;
കുങ്കുമങ്ങൾ ചാർത്തിയില്ല;
ബന്ധുരാംഗിയാഭരണ-
മൊന്നുമേയണിഞ്ഞതില്ല!

എന്തുകൊണ്ടാണെന്തുകൊണ്ടാ-
ണെന്നുഞാനറിഞ്ഞതില്ല!
എന്തുകൊണ്ടാണെന്നറിവാ-
നന്നുഞാൻ ശ്രമിച്ചുമില്ല!!

ii

ശംഖനാദമമ്പലത്തി-
        ലന്തിയിൽ മുഴങ്ങിയപ്പോഴു,
ചെമ്പരുത്തിപ്പൂപറിപ്പാൻ
        തങ്കമെത്തി സന്ധ്യയെപ്പോൽ...

പുതുമയെഴും സാരിചുററി
        കുതുകമോടെ പൂപറിക്കും
വിധുമുഖിയോടലസമായി
        പറകയായ് ഞാനരികിലെത്തി:
'എന്നുമെന്നുമെന്തിനാണീ
        ചെമ്പരുത്തി പൂക്കളെല്ലാം?'
'അമ്പലത്തിലേക്കു'—തങ്കം
        വെമ്പലോടെ ചൊല്ലുകയായ്...

രണ്ടുതുള്ളിക്കണ്ണുനീരാ
        പൂങ്കവിളിലിററുവീണു!
കണ്ടിടാനശക്തനായ് ഞാൻ
        പിന്തിരിഞ്ഞു മൂകനായി...

iii

പുതുമയെഴും പുലരിയൊന്നിൽ-
        സുഭഗനാകുമൊരു യുവാവിൻ
ഗളതലത്തിൽ വരണമാല
        പുളകമോടെ ചാർത്തി തന്വി......

iv

മധുവിധുകഴിഞ്ഞില്ലതിന്നു മുമ്പേതന്നെ
വരനുപിടിപെട്ടതാ'മാറാത്ത'രോഗവും!
ക്ഷയം! അവളൊരിക്കലും ചിന്തിച്ചിരുന്നില്ല
പ്രിയതമനൊരിയ്ക്കൽ ക്ഷയിച്ചുപോമെന്നതും!

'ഇതിവിധിവിധിച്ചയിപ്രാണികൾക്കൊക്കെയും
ഹിതമഹിതമെങ്കിലുംലംഘ്യമല്ലേതുമേ'
അവളതുവിചാരിച്ചു ചിന്തിച്ചോരശ്രുവു
കവിതകൾ നിറഞ്ഞീടും ചോദ്യം രചിച്ചുഹാ!

വിധവ! വിധവക്കില്ല വീണ്ടും വിവാഹമാ
വിധി! കഠിനമയ്യോ കരിന്തിരിയായവൾ!

ഒരുവരെയുമില്ലവൾക്കൊന്നു സ്നേഹിക്കുവാ-
നലകിനധികപ്പുറവുതന്നെയാണിന്നവൾ
അവളിനിയുടുക്കുവാൻ മേലനല്ലോടയൊ-
ന്ന,വളിനിയണിഞ്ഞിടാൻമേല പൊന്മാലകൾ!

ഒരു തിലകമത്തനുവി ചാർത്തുകിൽ, പൂക്കളൊ-
ന്നണിയുകിലലങ്കോലമാണു പിന്നൊക്കെയും....
ഒരുമുറിയിലേകയായ് മൂകയായെത്രനാൾ
കരളുരുകിയാതനാവികാലം കഴിക്കണം?—

കർക്കവരുമാവശ്യതാരുണ്യശീലരാം
തരുണരെ മറക്കണം താരുണതം തകർക്കണം?
അവളതു വിചാരിച്ചു ചിന്തിച്ചോരശ്രുവു
കവിതകൾ നീറഞ്ഞിടും ചോദ്യം രചിച്ചുഹാ!

V

"വിധവയാണു പക്ഷെയെൻറ
യുവഹൃദയം വിധിപറയും:

കദനപൂർവ്വം ജീവിതത്തെ
ദുരിതപൂർണ്ണമാക്കിമാററും
"പതിവ്രത"യേക്കാൾ ദുഷിച്ച
പതിത"വേശ്യ"തന്നെ കാര്യം!"

## ജയിലിൽനിന്നും

"കോമളേ! തവസീമ്നിവ-
നിടാനെനിക്കിന്നൊ
ന്നോമനേ! സാധിക്കുന്ന-
തില്ലനീ കരയല്ലേ!.....
മാമകാശയങ്ങളാ
വെള്ളത്തിൽ വരച്ചോരു
നാമമാത്രമാംവര
മാത്രമായ് പക്ഷേതീരാം!
എങ്കിലും, ശപഥത്തി-
ന്നെതിരായ് പ്രവർത്തിപ്പാ-
നെങ്കരളൊരിക്കലും
സമ്മതിക്കുകയില്ല.
അനഘേ! ഭവൽപ്രേമ-
ദാസനാം ഞാനെന്തിന്നു
പനിനീരലരൊത്ത
നിൻചിത്തം വാട്ടീടുന്നു?
കരയാതിരിക്കില്ലേ?
കുഞ്ഞിനെ ചിരിപ്പിച്ചേൻ
വിരഹംകുറെക്കാലം
കൂടെനീ പൊറുക്കില്ലേ?

പരമാർത്ഥങ്ങളെത്രപ്രാവശ്യം പറഞ്ഞാലും
കരയാതിരിക്കുമാകല്ലകം തകർത്തീടാൻ,

ഇനിനാളുകളേറെ വേണ്ടനീയതേവരെ
കനിവായ്കണ്ണീർ തൂവാതോമനേ! വസിച്ചാലും'
.....................................................
.....................................................

വിറചേർന്നീടും മൃദു—
പാണികളോടേകത്തു
നിറയുംകണ്ണോടവ-
ളോടിച്ചുവായിക്കവേ,
ചെറുബാലകനോടി
വന്നതുതട്ടിപ്പറി-
ച്ചെരിതീയിലേക്കിട്ടു
കൈകൊട്ടിക്കളിക്കയായ്!...

1389

# 'കരയല്ലേതങ്കം......'

"കരയല്ലേതങ്കം, കരയല്ലേതങ്കം,
കളയല്ലേകാലം കദനത്താൽ"

കിളികൾ പുലരിയിലതിമൃദുലം
കളകളഗാനം തൂവുമ്പോൾ,
നിത്യവുമബ്ഭടനാവരികൾ
നിശ്ചലനായി പാടീട്ടും !

ii

ചെറുകാലംമുതലോമനകൾ
പിരിയാതൊരുപോലൊരു കൂട്ടിൽ,
വിരിയും രണ്ടു സുമംപോലെ
മരുവീപൈങ്കിളിയിണപോലെ:

കാലംപോയതറിഞ്ഞില്ലാ-അവർ
മാലെന്നുള്ളതറിഞ്ഞില്ല!
ലീലയിലെത്തിയ വ്യതിയാനം-ആ,
ബാലൻ ചെറുമറിഞ്ഞില്ല!

iii

'അവളൊരുബാലികയല്ലിപ്പോൾ'
'അവനൊരു ബാലകനല്ലിപ്പോൾ'

തരളിതരായിരുവരുമപ്പോഠം–അത
പരദൂഷണമത്തു കേട്ടപ്പോഠം!

കരഠംകവരുന്ന വസന്തത്തിൽ,
ഒരു നാളന്തിയിലവർ രണ്ടും
പിരിയുകയായ്–ചുടുനെടുവീപ്പോ–
ടകലുകയായ്–ഇണപിരിയുകയായ്...

iv

ഒരുഭടനാണബ്ബാലനവന്നൊരു
മനസ്സുഖമിപ്പോളുണ്ടെങ്കിൽ,
മധുരസ്മരണകളതുമാത്രം
ഫലമില്ലാത്ത മലക്കൊപ്പം!

"കരയല്ലേതങ്കം, കരയല്ലേതങ്കം
കളയല്ലേകാലം കദനത്താൽ"

കിളികഠം പുലരിയിലതിമൃദുലം
കളകളഗാനം തൂവുമ്പോഠം,
നിത്യവുമബ് ഭടനാവരികഠം
നിശ്ചലനായി പാടീടും!

v

അവധികഴിഞ്ഞു തിരിച്ചെത്തീയതി
വിവശതയോടാപടയാളി:
കരളലിയും മട്ടടരോടായുവ
കവിപാടിയപോൽ പാടുകയായ്

"കരയല്ലേതങ്കം, കരയല്ലേതങ്കം
കളയല്ലേ കാലം കദനത്താൽ"

ഹൃദയംനീറിട്ടുമാവരികൾ ഭട-
നതിദയനീയം പാടുമ്പോൾ
ഹൃദയംനീറിട്ടുമാകഥകൾ ഭട-
നതിദയനീയം പറയുമ്പോൾ!!
പറയുകയാണവ"നന്മമേ! നീപര
നവകാശപ്പെട്ടെന്നാലും,
കരുണാത്മകമെൻ ഭാവിയെയോർത്തക-
തളിർ തവ തരളിതമെന്നാലും,

കരയല്ലേതങ്കം, കരയല്ലേതങ്കം
കരയല്ലേകാലം കദനത്താൽ"

# ഗ്രാമീണകാമിനി

കാമിനിയിവരം വാണിരുന്നഭി-
രാമമാമൊരു ഗ്രാമത്തിൽ-
കോമളകളഗാനം തൂവിട്ടു-
മാ നദിയുടെ തീരത്തിൽ......

ഇല്ലവളെ പരിചയമാക്കും
ഇല്ലവരംക്കും പരിചയം!
ഇല്ലവിത്തപ്രതാപ മോടിക-
ളില്ലവരംക്കാശവാശിയും!

പായലിൻ്റുള്ളിലൂടെ പുഞ്ചിരി
തൂവിട്ടുമാമ്പൽ പൂവുപോൽ,
നീലവാനിങ്കലേകയായ് മിന്നി
ലാലസിക്കുന്ന താരപോൽ.
കാമിനിയവരം വാണിരുന്ന ഭി
രാമമാമൊരു ഗ്രാമത്തിൽ—
കോമളകള ഗാനംതൂവിട്ടു-
മാനദിയുടെ തീരത്തിൽ......

അന്യരാരുമറിഞ്ഞിടാതെയീ
മന്നിൽവന്നതുമാതിരി
മന്നിൽനിന്നും മറഞ്ഞുഖിന്നമായ്
സുന്ദരമൊരുമാനസം!......

# കൊച്ചുനീലൻ

i

തേവനന്നു പറയുകയായ്
"തേവി! തമ്പിരാൻ പറഞ്ഞു-
നാളെ വേലക്കയൽ വയലി-
ലാളുകൊണ്ടു ചെല്ലുവാനായ്"

തേവിയൊന്നും മിണ്ടിയില്ല;
തേവനന്നുറങ്ങിയില്ല;
നാഴിയരിയക്കുടിലി-
ലേഴുനാളനത്തിയില്ല!

ii

നീറിടും നിരാശയിൽനി-
ന്നൂറിടുന്ന കോപമോടെ,
തേവനന്നു പതിവുപോലെ
രാവിലൊട്ടു പലതുമോർത്തു;

"വേലചെയ്താൽ കൂലിയില്ല;
നാലുകാശു കൈയ്യിലില്ല;
നീലനിററു കഞ്ഞിവെള്ളം
നാലുനാളായ് നൽകിയില്ല;

റേഷനിന്നു വാങ്ങിയില്ല;
നാശം നാളെ കിട്ടുകില്ല!
കാശ്ശുചോദിച്ചാൽ–തമ്പിരാൻെറ
മീശകണ്ടാൽ പേടിയാവും!......"

iii

"അച്ഛാ യിററു കഞ്ഞി"—നീല-
നച്ഛത്തിൽ വിളിച്ചുകേണു......
"കൊച്ചുമോനേ,യച്ഛനാണെ-
യുച്ചയായാൽ കഞ്ഞിതരാം"
തേവനാണു ചൊന്നതേവം;
തേവിയൊന്നും മിണ്ടിയില്ല.
നാവനക്കിടാനവൾക്കു
ജീവനില്ല തെല്ലുപോലും!......

iv

പാതിരാനേരം കഴിഞ്ഞൂ–മാട-
മാകവേ യൊന്നു കുഴഞ്ഞൂ
തേവിയുറക്കെ കരഞ്ഞൂ–മൂത്ത
തേവനും ഞെട്ടിയുണർന്നൂ.

നീലനാപ്പായിലുരുണ്ടൂ–മുഖം
നീലിമയാലൊട്ടിരുണ്ടൂ......
ഓക്കാനമഞ്ചാറുവന്നൂ–നീലൻ
നീക്കോലിയെപോൽ പുളഞ്ഞൂ!......

35023

v

നീലൻ പതുക്കെ പറഞ്ഞു–"ജീവൻ
പാതിയുംപോയിക്കഴിഞ്ഞു ......
ഇച്ചിരി...കഞ്ഞികുടിക്കാൻ–ഉച്ച
യെത്തുംവരെ...വീർപ്പു മുട്ടാൻ..."
ബാക്കിയൊക്കെ പൂർത്തിയാക്കി–നീണ്ടാ–
രോക്കാനം, വായുവിലക്കി!...

vi

തെക്കെപ്പുറത്താകുഴിയിൽ–തേവി
യാർത്തിയോടെ യെത്തിനോക്കി...
കൊച്ചുപായിൽ കൊച്ചുനീലൻ!–തള്ള
നില്ലൂ കുഴി മൂടിതേവൻ! .....
വേച്ചുപോയ് തേവിയന്നേരം–വാഴ
വെയ്ലൂയായ് മൂത്ത കിടാത്തൻ.

---

# പ്രേമാതുരൻ

മാമകപ്രേമ പ്രദീപമേ! നീമമ
മാനസംപാടേ കവർന്നു കഴിഞ്ഞുഹാ!
കാണേണ്ടതില്ലയിരുന്നു നീ നിൻമുന്നി-
ലാണത്തമില്ലാത്തൊരിക്കൊച്ചുചേട്ടനെ!

കാണി"കളും, നടക്കട്ടേ"-പറഞ്ഞു, ഞാൻ
നാണയമില്ലാത്തൊരാണാണു കണ്മണി!
നീയതോർത്തില്ലായിരിക്കാം; പൊടുന്നനെ
മാമകമാനസം പാടേ കവർന്നു നീ!...

പൊന്നോമനത്വം നിറഞ്ഞു തുളുമ്പിടും
പൊൻകിനാക്കൾ കണ്ടു ഞാൻ മയങ്ങീടവെ,
മന്നിലെ യാഥാർത്ഥ്യമോരോന്നു പല്ലിളി-
ച്ചെൻമുന്നിലെത്തിടും, ഞാൻ ഞെട്ടിയേററിടും!

പ്രേമം പരാജയം രണ്ടുമെൻ ചിത്തത്തെ-
യീമട്ടിലിങ്ങനെ നീററുന്നു നിത്യവും.
കഷ്ടമെന്നാലും മറക്കാനശക്തനാ-
ണക്കോമളസ്മിതം തഞ്ചും മുഖാംബുജം......

1389

ഓമനേ! മാമകപ്രേമപ്രദീപമേ!
നീമമ മാനസം പാടേ കവൎന്നു ഹാ!

നാണം പുരണ്ടനിന്നാനനത്തിന്നൊങ്ക-
ലോമനേ! തന്നിടാനില്ലൊരു ചില്ലിയും!
സാമോദമൊന്നു നീ പുഞ്ചിരിച്ചീടുകിൽ
ശ്യാമളേ! യിപ്രേമദാസൻ കൃതാൎത്ഥനായ്!...

# എൻെറയച്ഛൻ

മധുരിമതിങ്ങിടും ചിന്തയോടും,
ഹൃദയം നിറയും പ്രതീക്ഷയോടും,
അവധിക്കു ഞാൻ വീട്ടിലെത്തിയപ്പോൾ
അവിടെ...ഞാനെന്തോന്നു ചൊല്ലിടേണ്ടൂ?...

കരുണയ്ക്കിരുപ്പിടമെൻെറയച്ഛ-
നവശനാ,യസ്ഥിസ്വരൂപനായി,
തരളിതചിത്തനായ്, രോഗശയ്യാ
ശരണനായ് കഷ്ടം, കിടന്നിടുന്നു!

"പണമില്ലയെങ്കിലുമുണ്ടുമോഹം
മകനേ നീ "ബി. ഏ" ജയിച്ചുകാണ്മാൻ!"
"അതിനുഞാനെന്നാൽ കഴിവതൊക്കെ-
യൊരുവിധമിതു മൂതൽ നിർവ്വഹിക്കാം"
അതിദയനീയമമൃതമോലു-
മഴലിൻെറ വാക്കെൻ സ്മൃതിപഥത്തിൽ,
തെരുതെരെപ്പൊന്തി;യാ സ്നേഹമൂർത്തി-
ക്കരികിൽഅശക്തനായ് നിന്നു ഞാനും.

"തിരുവോണം ഘോഷിപ്പാൻ വന്നിനീയെ-
ന്നവശതകണ്ടു കരഞ്ഞിടൊല്ലേ!
കരയേണ്ട-ജീവിതം പാഴിലാക്കാൻ
തുനിയേണ്ട പോയിക്കിടന്നുറങ്ങൂ"

അവശനാമഛ്ഛനെൻകൂടെവന്ന-
യവസരം! ഞാനതൊന്നോൎത്തുനോക്കി!......
വലിയ കലാശാലയൊന്നിലന്നു
വിരവിലിവനുമൊരംഗമായി!

അവിടെയാദർശപ്രസംഗമുണ്ടു
കവിതയും ശാസ്ത്രവുമൊക്കെയുണ്ട്
മതി, മത്തടിക്കാൻപിന്നെന്തുവേണം
മതിമറക്കാൻ പിന്നെയെന്തുവേണം?

കരകയോകഷ്ടമിജ്ജീവിതം പു-
ഞ്ചിരിതൂകാൻ മാത്രമായുള്ളതല്ലേ?
ചിരിയും കളിയും മധുരിമത-
ന്നായവിറക്കാണവിടെന്നുമെന്നും!......

അതുപോട്ടെ,യഛ്ഛനെൻകൂടെവന്ന-
യവസരം! ഞാനതൊന്നോൎത്തുനോക്കി!
പരിസരം പാടേമറന്നു പൊട്ടി-
ക്കരകയായ് ഞാനൊരു കുഞ്ഞിനെപ്പോൽ!

അരികിലായ് മൂകനായ് നില്ക്കുമെന്നെ-
യവലോകനം ചെയ്തുരച്ചു താതൻ
"നരകസദൃശമിജ്ജീവിതം ഹാ!
മലർവിരിച്ച കിടക്കയല്ല!
നിരവധി മുള്ളുകൾ—കൂൎത്തുമൂത്ത
ചതിതൻെറ മുള്ളുകളാണു കുഞ്ഞേ!
കരകയോ കഷ്ടമിജ്ജീവിതത്തിൽ

കരയാൻ തുടങ്ങിയാലെന്തു തീരും?
ചിരിതൂകു കുഞ്ഞേ! നിൻ ജീവിതത്തി-
ലൊരു പുഷ്പവാടി നീ തീർത്തിടേണം!"

*　　*　　*
*　　*　　*

"കരയേണ്ട കുഞ്ഞേ! കഴിഞ്ഞതൊ"ന്നെ-
ന്നരചെയ്യേ;യയ്യോ! മരിച്ചുതാതൻ!...
ഹതഭാഗ്യനെന്നെവിട്ടെൻറ താത-
നെവിടെയോവാനിൽ മറഞ്ഞുവല്ലോ!...

*　　*　　*

"കരയേണ്ട ജീവിതം പാഴിലാക്കാൻ
തുനിയല്ലേ" താതൻറ അന്ത്യവാക്യം
കരയാൻ തുടങ്ങവേയോർത്തിടും,ഞാ
നറിയാതെ പൊട്ടിക്കരഞ്ഞുപോകും!...

1389

## നഗ്നപരമാർത്ഥം

പരിഭവം തെല്ലുമരുതേ പറഞ്ഞീടും
പരമാർത്ഥം കേട്ടെൻെറ ചക്രവത്തി!
പരമവിശാല മനസ്കനാണങ്ങെന്ന
പരമാർത്ഥം സർവ്വവിദിതമല്ലോ?
പറയാം ഞാനായതുകൊണ്ടെൻെറ മാവേലി!
പരിതാപപൂർവ്വമക്കഥകളെല്ലാം.....

അരമനതൊട്ടു കുടിൽവരെ തിരുവോണ--
പ്പുലരിയൊരുത്സവ മാണുപക്ഷേ,
കരയാതാകാര്യം ഭവാനോടുരച്ചീടാ-
നരുതെനിക്കഭിവന്ദ്യ രാജരാജ!
പതിവായി പട്ടിണിയാണെൻെറ നാട്ടിലൊ-
ട്ടനവധിയനവധി പട്ടിണിക്കാർ—
ഉടുതുണിയില്ലാതെ ദിനമെണ്ണിത്തള്ളുന്ന
തുണയററ കരൾനീറും പട്ടിണിക്കാർ-
അവരാണു തിരുവോണപ്പുലരിയിൽ താവക
വരവിനൊരുക്കങ്ങൾ ചെയ്തിടുന്നു!

ചിലപല നാളുകൾക്കപ്പുറ മവിടുന്നു
ഭരണം നടത്തി മദീയദേശം
സുലഭസമൃദ്ധി, സമത്വ, സ്വാതന്ത്ര്യാദി-
യസുലഭമെന്നിയേയനുഭവിച്ചു:

കവിപാടിയല്ലോ മഹാബലിയിന്നാട്ടു
ഭരണം നടത്തിയ കനകകാലം-
മനുജരെല്ലാവരുമൊന്നുപോലാനന്ദ
മനുഭവിച്ചുള്ള സ്വാതന്ത്ര്യകാലം-
അഴിമതിയക്രമമിത്യാദിയൊന്നുമേ
തലപൊക്കിനോക്കാത്ത നല്ലകാലം!
അതു ഭാവനയിലിന്നാട്ടാരനുഭവി-
ച്ചതിയാതനയിൽ കഴിഞ്ഞിട്ടുമ്പോൾ,
വഴിതെററിപ്പോകരുതയ്യോ ഭവാനന്നീ
പടമെല്ലാം കണ്ടു മനംമയങ്ങി!
ഇവിടമനീതിയസമത്വമക്രമ-
മിവതന്നിരുപ്പുമായദേശം-

ചിരിയിൽപൊതിഞ്ഞ വഞ്ചതികൾ, നൽപ്പട്ടിനാൽ
പൊതിയും വ്രണങ്ങൾ നിറഞ്ഞദേശം!......
അതിനാലപേക്ഷയെനിക്കു ഭവാനോടു-
ണ്ടിവിടത്തിലോണത്തിനെത്തരുതേ!......
വരണം വെറുമൊരു ദിവസത്തിൽ നഗ്നമാം
പരമാർത്ഥം ശരിയായി കണ്ടറിവാൻ!......

1389

# "സ്റ്റാക്ക്"നഷ്ടം

"ബ്ളാക്കിൽ" വില്ക്കുവാനൊത്തില്ലയെങ്കിലും
"സ്റ്റാക്ക"വേണമറക്കകത്തെപ്പൊഴും'
മൂത്തകാർണവർ ചൊന്നൊരാവാക്കുക-
ളീശപരാജ്ഞയാണത്തറവാട്ടിലും!

കൊയ്ത്തതിൻ മെതിച്ചുകഴിഞ്ഞതനെ-
ല്ലാത്തിയോടെയളപ്പിച്ചുകാർണവർ,
അർദ്ധരാത്രിയിൽത്തന്നെയറക്കക-
ത്തിട്ടുപൂട്ടിപറഞ്ഞുസഗൗരവം:—
"മോശമാണൊരുപത്തുരണ്ടായിരം
പൂച്ചിമൂലം നശിച്ചു, കലിയുഗം!"

തുത്തുവാരിയനെല്ലും പതിരുമാ
നാട്ടുകാരോടുകള്ളം പറയുവാൻ,
മൂത്തതേവനു നൽകി, യിടങ്ങഴി
വിത്തുദേവനും നൽകിയക്കാർണവർ!
"ബ്ളാക്കി"ൽ വില്ക്കുവാനൊത്തില്ലയെങ്കിലും
'സ്റ്റാക്ക്'വേണമറക്കകത്തെപ്പൊഴും
ഒട്ടുപോലുംകൊടുക്കരുതീ തെണ്ടി-
പ്പാട്ടുകാരവർ പട്ടിണിക്കാരുപോൽ!
'കോട്ടയ'ത്തുണ്ടനാഥഗൃഹമവി-
ടൂട്ടുമിഷ്ടപ്രകാരമുണ്ടെങ്കിലും,
മോഷണത്തിനായ് വീടുതോറുംനട-

ന്നേഷണിക്കൂട്ടം കൂട്ടരോപാവങ്ങൾ!"
മൂത്തകാർണവർ ചൊന്നരാവാക്കുക-
ളീശ്വരാജ്ഞയാണത്തറവാട്ടിലും!

* * *

* * *

ക്രൂരമാകും പ്രകൃതിതൻക്ഷോഭത്താൽ
പാരിടമാകെമൂർച്ഛിച്ചു നില്ക്കവേ,
അദ്ധരാത്രിയിലത്തറവാട്ടിങ്ക-
ലെത്തിനോക്കിനീയെന്തിനമിന്നലേ?
തീപിടിച്ചു—പുകഞ്ഞു ധനികൻെറ
മാളികയും—അറയും, മുറികളും!.........
അത്തലോടെയാ വീടിന ചുററിലും
മൂത്തകാർണവരോടിനടക്കയായ്!.........

"ബ്ലാക്കിൽ വില്ക്കുവാനൊത്തില്ലയെങ്കിലും
'സ്റ്റാക്കു'വേണ്ടായിരുന്നെൻെറയീശ്വരാ!"

# സംശയങ്ങൾ

ഓമനയേയിനി കാണുന്നനേരമെൻ
പ്രേമത്തെപ്പററിപ്പറഞ്ഞാലോ?.........

മാമകവാഞ്ഛിതം കേട്ടവളീർഷ്യയാൽ
പൂമുഖം തെല്ലുതിരിച്ചാലോ?.........

ഉണ്ടെനിക്കാഗ്രഹമേററമാപൂമേനി
സ്വന്താവകാശത്തിലായാലോ!.........

ശുണ്ഠികൂടാനെനിക്കിഷ്ടമില്ലിന്നെൻറ
മുന്നിലെന്നോമനവന്നാലോ!.........

ചിന്തിച്ചിടാതെഞാനെന്തോ പറഞ്ഞുപോയ്
എന്നെ ഞാൻതന്നെ മറന്നാലോ?.........

അന്തരമെന്തൊന്നുചിന്തിച്ചിടാതെഞാ—
നെന്നാശയൊക്കെപ്പറഞ്ഞാലോ?.........

വിത്തപ്രതാപാദിമോടികളൊന്നുമേ
യെത്തിനോക്കാത്തവനാണല്ലോ?.........

വിത്തേശ്വരൻറയാപുത്രിയെക്കാമിച്ചു
ചിത്തമേ! നാണമൊട്ടില്ലല്ലോ?.........

കാമിനികോമളരൂപിണിക്കൊത്തൊരു
കാമദേവൻ നാട്ടിലുണ്ടല്ലൊ?......

വ്യാമോഹമിത്രക്കരുതരുതേവൃഥാ
കാമിനിയിൽ കണ്ണുവെച്ചാലോ?.........

വ്യാമോഹമെങ്കിലുമോമനയോടമൽ
പ്രേമത്തെപ്പററിപ്പറഞ്ഞാലോ?.........

മാമകയാഥാൎത്ഥ്യമോൎത്തൊത്തു നീറിയാ
പൂമൃദു ചിത്തംതപിച്ചാലോ?........

1389

35023

# തോട്ടിയുടെ കഥ

തോട്ടിയാണവൻ, തോട്ടിയാണവൻ
കാട്ടുജാതിയാണായവൻ!......
തോട്ടിയാണവൻ, തോട്ടിയാണവൻ
കെട്ടജാതിയാണായവൻ!......

ii

തോട്ടിയാണെന്നറിഞ്ഞീടാതെയാ
വീട്ടുകാർ കമലാക്ഷിയെ,
വിട്ടു തോട്ടിതൻ കൂടെ പട്ടിണി-
യൊട്ടുതങ്ങൾക്കകറ്റുവാൻ!
കഷ്ടമാ കമലാക്ഷി കണ്ടതോ
പിറ്റേന്നാളിൽ പുലരിയിൽ?
തൊട്ടിയും കൈയ്യിലേന്തി നില്ക്കുംതൻ
നേട്ടമാം കൊച്ചുതോട്ടിയെ:
"വേണ്ട, വേണ്ടയിജ്ജീവിതമെനി-
ക്കുണ്ടെന്നമ്മയുമച്ഛനും!
വേണ്ട, വേണ്ടയിതോട്ടിതൻകൂടെ
വേണ്ട ജീവിതം, പോട്ടെഞാൻ"
തോട്ടിയാണവൻ, തോട്ടിയാണവൻ
കാട്ടുജാതിയാണായവൻ!......
തോട്ടിയാണവൻ, തോട്ടിയാണവൻ
കെട്ടജാതിയാണായവൻ!......

iii

35023

വിട്ടുതോട്ടിയെ; വീട്ടിലായിപെൺ
കുട്ടിയാം കമലാക്ഷിയും!
വിററുതൊട്ടിയെ; തോട്ടിപോയിപൊ–
ണ്ടാട്ടിതന്നുടെ വീട്ടിലും!
“തോട്ടിയല്ലഞാൻ, തോട്ടിയല്ലഞാൻ
കെട്ടജാതിയല്ലിന്നുഞാൻ”

iv

ഇഷ്ടഭാജനമൊത്തു തോട്ടിയോ–
രെട്ടുമാസംകഴിക്കവേ'
പട്ടിണിപ്രേതമാകുടിലിലൊ–
രട്ടഹാസം മുഴക്കവേ,
തോട്ടിയായവൻ, തോട്ടിയായവൻ
കെട്ടജാതിയായ് തീന്നവൻ!

1389

# 'പരമഭാഗ്യം'

ഒരു "നോട്ടമില്ലി"ന്നു വഴിയെന്തു് "ഡാക്ട"ർക്കു
കരുണയില്ലവനോട്ടതെല്ലുപോലും!
അവനൊരുപട്ടിണിപ്രേതമെന്നറിയാത-
ല്ലൊരു "കുറി"ഡാക്ടർ കുറിച്ചതപ്പോൾ!

അവനുമുണ്ടതിവാഞ്ഛയത്ഥൂനനൽകുവാ
"നവിലൊത്തസാധനം" വേണ്ടുവോളം!
ഒരു "നോട്ടമില്ലി"ന്നു വഴിയെന്തു "ഡാക്ട"ർക്കു
കരുണയില്ലവനോട്ട തെല്ലുപോലും!

ഒരു പിടി "പൊടിയരി"ക്കന്നവനെത്രയോ
പടിവാതൽ ആശയിൽ മുട്ടിയില്ല!
ഒരു "പപ്പട"ത്തിന്നു വഴികാണാതെത്രയോ
പടിവാതിലിലവൻ മുട്ടിയില്ല!
ഒരു "കണ്ണിമാങ്ങാ"ക്കു 'മന'കളിലെത്രയാ
പറയച്ചെറുക്കനിരന്നതില്ല!
ഇവയൊന്നുമേകാനരുതാത്തലോകമീ
കുറിയൊന്നെദൃശ്ചയായ് കണ്ടുവെന്നാൽ,

പറയണോപിന്നെത്തെ പരിഹാസമാകെയാം
പറയച്ചെറുക്കനെന്നോർത്തു നോക്കി!

ഉദയംമുതല്ക്കന്തിയെത്തും വരെയെല്ലു-
പൊടിയുന്ന മാതിരി വേലചെയ്താൽ,

ഉരിയരിവാങ്ങുവാനെന്തെങ്കിലും കൂലി
യൊരുവിധം കിട്ടുമെന്നാശ്വസിക്കാം!
അവനെന്തുചെയ്യുമീവേളയിൽ, വേലക്കാ-
ക്കിതുതന്നെയോ ഗതിയിന്നുമിന്നും?
അവനൊന്നുഞെട്ടി,“ യതിരുകടന്നുപോയ്
മമചിന്തവേദാന്തമായിമാറി”
അലയുകയായ് പിന്നെ കവലകൾ തോറുമാ
കുറിയും വഹിച്ചുകൊണ്ടാക്കിടാത്തൻ.........

മറയുന്നസൂര്യനെ യൊരുനോക്കു കാണുവാൻ
നിശയോടിയെത്തുന്നവേളയിങ്കൽ,
അണകയായ് മാടത്തി“ലോട്ടുമില്ലും”കൊണ്ടു
പറയച്ചെറുക്കൻ കിതച്ചുംകൊണ്ടും!......
“മറയുന്നജീവനെ കാണാനിടയായ
പറയച്ചെറുക്കന്റെ പരമഭാഗ്യം!”—?

## ആ ചിരി

വഴിയിൽവെച്ചോമനയെന്നെനോക്കി;
പരവശയായ് ചുററുമൊന്നുനോക്കി;
അരിയൊരാത്മാർത്ഥത ചേർന്നിട്ടും പു-
ഞ്ചിരിയൊന്നുവേഗമെനിക്കുനല്കി......

കരുണമാമായിരം ചിന്തയെൻെറ
കരളിലന്നേരം കുളിരുകോരി......
പരിസരമോർത്തു ഞാൻ ഞെട്ടി; പൊള്ള-
ച്ചിരിയൊന്നു തൂകിക്കടന്നുപോയി

ഇരുവരുമൊട്ടൊട്ടകലെയായി
പിറകോട്ടു മെല്ലെത്തിരിഞ്ഞുനോക്കി:
"ഒരുകട്ടിയില്ലാത്ത മാനസം!" ഞാൻ
പിറുപിറുത്തു "പുമാനല്ലയോ? ഞാൻ"

കരുണമാമായിരം ചിന്തയെൻെറ
കരളിലന്നേരം കടന്നുകൂടി
മൃദുലമാമാസ്മേരമെന്തുകൊണ്ടോ
വികൃതമായത്രേയെനിക്കുതോന്നി!

അതുശരിയാചിരി പാരതന്ത്ര്യ-
പ്രസവത്തിൽനിന്നുളളതായിരുന്നു!
പരിസരത്തിന്നു പിടികൊടുക്കാ—
തുഴറിപ്പുറങ്ങുന്നതായിരുന്നു!

മതിയത്ത മാത്രമവളെനീറം
നരകത്തിലേക്കൊന്നു തള്ളിവീഴ്ത്താൻ!
മതിയത്തുമാത്രമവളുടെ "ദു-
ന്നടപടി"യങ്ങാടിവാത്തയാവാൻ!
മതിയത്തുമാത്രമവളെ നിന്ദ്യ-
സമുദായം നല്ലൊരു വേശ്യയാക്കാൻ!

മധുരസ്മരണകളോടിയെത്തി
മനതാരിലിക്കിളിയിട്ടിടുന്നു...
അതിരുകവിഞ്ഞോരപജയങ്ങ-
ളവയെ മറക്കാൻ ശ്രമിച്ചുവെന്നാൽ!

കരയാത്തലോകമേ! നീയിവൻെറ-
യപരാധമെല്ലാം പൊറുക്കയില്ലേ?......

മധുവിധുവാസ്വദിച്ചോമനയൊ-
ത്തപരനാനന്ദിച്ചു മത്തടിക്കെ,
അരിയനിരാശയോടേകനായ് ഞാൻ
വിരഹതാപത്താലുഴറിടുന്നു......

ഒരുപക്ഷേയാതളിരൊത്തചിത്തം
എരിതീയിൽ വീണുകരിഞ്ഞിരിക്കാം!
ഒരു പക്ഷേയാവേണസങ്കടത്തിൽ
ശിലതട്ടിപ്പൊട്ടിത്തകന്നിരിക്കാം!

"പണമാണുലകത്തിൻ ജീവനാഡി"
"പണമില്ലാത്തോൻപിണം"–എത്രസത്യം!

35023

മണിപോലെയുള്ളയെന്നോമനയെ
പണമുള്ള ജന്മിവിലക്കുവാങ്ങി!

അവളബലയൊന്നും പിഴച്ചതില്ല.........
ചതിചെയ്യാൻ സമ്മതമാക്കുവേണം?
"സമുദായ" മുണ്ടിതാസാക്ഷിചൊല്ലാ-
നവളുടെ "ബാന്ധവം സാധുവാക്കാൻ"!

ഇവനില്ലതെല്ലു മധഃ പതിച്ച
സമുദായമേ! യെതിരൊന്നുപോലും!
വിശദമായ് ചൊല്ലുകയെങ്കിൽ-നിന്ദ്യ
സമുദായമേ! ഞാനശക്തനല്ലേ?.........

# പ്രതിജ്ഞ

കാപടലോകമേ! സ്വാർത്ഥസങ്കേതമേ!
ചപലതതന്റെ പര്യായശബ്ദമേ!
മതിമതിനില്ക്കൂ; മുന്നോട്ടുപോകുവാ-
നനുവദിക്കുകയില്ലിനി നിന്നെ ഞാൻ!...

പരിഭവിച്ചിടേണ്ടെന്നോടു ഞാനെൻ
കടമ നിർവ്വഹിക്കുന്നതിലല്പവും
മുതിരുകയാണു ഞങ്ങളിബ്ഭൂമിയി-
ലൊരുമതന്നുടെ വിത്തുവിതക്കുവാൻ!...

ഇടവിടാതാരപഹസിച്ചീടിലു—
മിളകുകില്ലയെന്നന്തരംഗാന്തരം;
നിശിതഭ്രൂഷണവാക്ശരമേല്ക്കിലു-
മുഴറിയോടിടാ പിന്നിലേക്കീയിവൻ!

കരുണയില്ലാത്ത ലോകമേ! നിന്നുടെ-
യരികിലെത്തിസ്സമത്വം പുലർത്തുവാൻ,
ഇതു മുതല്ക്കു ഞാൻ യത്നിക്കുമായതാ-
ണറികമാകമക ജീവിത ലക്ഷ്യവും!

---

KOTTAYAM.

## നർത്തകിയുടെ മറുപടി!

“കത്തുഞാൻ നിർത്തുന്നു; നർത്തകി! നീനിൻെറ
നർത്തനത്താലെൻെറ ചിത്തംകവന്നു ഹാ!”

പത്തുപന്ത്രണ്ടു പ്രാവശ്യമാനർത്തകി
കത്തതുവായിച്ചുസാദരമീവിധം
കുത്തിക്കുറിക്കയാ“ണുത്തമസോദരാ!
നർത്തകിഞാൻ ചരിതാർത്ഥയായിന്നിദം......
ഉത്തമസോദരാ!ത..ൽകലാപ്രേമത്തി-
ലുൾപ്പുളകംചാർത്തിടുന്നനിൻ സോദരി!
പ്രോത്സാഹനാർത്ഥമിന്നേവരെയാകത്തു
മാത്രം! ഭവാൻേറതു മാത്രംലഭിച്ചതും!
നിർദ്ധനയാകുമീനർത്തകിതന്നുടെ
ഭക്തിനിറഞ്ഞിടുമായിരം വന്ദനം!”

*  *  *  *

“തങ്കമേ!ചിത്തം വരട്ടിടും മട്ടഭി-
സംബോധനയൊന്നുചെയ്യാതിരിക്കണേ!
നർത്തകിയെൻ “കൊച്ചുനർത്തകി” തന്നുടെ
കീർത്തിക്കുവേണ്ടിയാണെന്നുടെ ജീവിതം!
നിർദ്ധനയല്ലനീ, യുത്തമയാണുനീ
വിത്തേശ ..രപത്നിയുത്തമേ! നാളെനീ!
തങ്കമേ! ചിത്തം വരട്ടിടും മട്ടഭി-

സംബോധനയെന്നു ചെയ്യാതിരിക്കണേ!"
കണ്ണുവായിച്ചു; വിയർപ്പുതുടിച്ചുള്ള-
നെററിയിൽ; പൂമുഖംതാഴ്ന്നവരണ്ടുപോയ്!
കർത്തവ്യബോധത്തെയോർത്തവൾ പിന്നെയും
കുത്തിക്കുറിച്ചു വ്യസനസമന്വിതം:
"ഉത്തമസോദര! (സംബോധയിതി
ന്നുത്തമാർഹൻ ഭവാനല്ലയെന്നാകിലും)
ലജ്ജയാകുന്നു! ഭവാൻെറ മനോരഥ
മിത്രക്കഥമമെന്നോർത്തിരുന്നില്ല ഞാൻ!
നർത്തകിയായ ഞാൻ വിത്തത്തിനായിമൽ
കീർത്തിയെതീറുകൊടുപ്പാൻ തുനിയുമോ?
എത്ര കലാഹൃദയത്വമുള്ളാളുക-
ളെത്തിമൽനർത്തനംകണ്ടു രസിച്ചിടാൻ,
കാത്തുരക്ഷിക്കുമീ പൂവലാംഗങ്ങളെ
കീർത്തിയുപേക്ഷിച്ചു വിററു തുലക്കുമോ?
വിത്തേശ്വരാ! ഭവൽ സ്വൈരാപ്രഭുത്വമീ
നർത്തകിയെ വിട്ടൊഴിയാൻ കനിയണം!"

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No MA10 Acc No 1389

This book should be returned on or before the date last stamped below.

MAIO

വനരോദനം

വൈക്കം. കെ.
രവിവർമ്മ

1389.